**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3451** **26-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് മേഖലയിൽ ബലമുള്ള പുറം ബണ്ട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട് മേഖലയിൽ ബലമുള്ള പുറം ബണ്ടിന്റെ അഭാവം മൂലം പല പാടശേഖരങ്ങളിലും വർഷത്തിൽ രണ്ട് നെൽകൃഷി ചെയ്യുന്നതിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നെല്ലുത്പാദനത്തിൽ സ്വയംപര്യാപ്തമാകാൻ ശ്രമിക്കുന്ന വേളയിൽ, ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിനായി കുട്ടനാട്-അപ്പർ കുട്ടനാട് മേഖലയിൽ ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം ബലമുള്ള പുറം ബണ്ട് നിർമ്മിക്കുവാൻ പ്രത്യേക പദ്ധതി നടപ്പിലാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പ്രളയത്തിന്റെ ആഘാതത്തിൽ നിന്നുള്ള പാഠങ്ങൾ ഉൾക്കൊണ്ട് കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതിയുടെ ഭാഗമായി 2020-21 വർഷത്തിൽ 20 കോടി രൂപയും; മടവീഴ്ച തടയുന്നതിനും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും അധികം ജലം വറ്റിക്കുന്നതിന് വെർട്ടിക്കൽ ആക്സിയൽ പമ്പിംഗ് സംവിധാനത്തിനും ഉൾപ്പെടെ ആകെ 13.5 കോടി രൂപ നടപ്പുവർഷം (2021-22) കുട്ടനാട് വികസനത്തിനായി ബഡ്ജറ്റിൽ വകയിരുത്തി യിട്ടുണ്ട്. കുട്ടനാട് - അപ്പർ കുട്ടനാട് മേഖലയിൽ ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം ബലമുള്ള പുറംബണ്ട് നിർമ്മിക്കുവാൻ NABARD RIDF, RKVY, രണ്ടാം കുട്ടനാട് പാക്കേജ് തുടങ്ങിയവ യിൽ ഉൾപ്പെടുത്തി പ്രത്യേക പദ്ധതി നടപ്പിലാക്കുന്നത് സർക്കാർ പരിഗണനയിലാണ്. പുറംബണ്ട് ബലപ്പെടുത്തുന്നതിനായി കൃഷി വകുപ്പിലെ കാർഷിക എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കി വരുന്ന പ്രവർത്തികൾ അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## പുറം ബണ്ട് ബലപ്പെടുത്തുന്നതിനായി കാർഷിക എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കി വരുന്ന പ്രവർത്തികൾ

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | പദ്ധതിയുടെ പേരും തുകയും (ലക്ഷത്തിൽ) |
|---|---|---|
| 1 | കോട്ടയം ജില്ലയിൽ നീണ്ടൂർ കൃഷിഭവനിലെ മാക്കോതറ നൂറു പറ പാടശേഖരത്തിൽ 3000 മീറ്റർ പുറം ബണ്ട് നിർമ്മാണം | NABARD RIDF 30.00 |
| 2 | ആലപ്പുഴ ജില്ലയിലെ ചെന്നിത്തല കൃഷിഭവനിലെ തൂപ്പെരുന്തറ പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസനം - 15000 മീറ്റർ പുറം ബണ്ട് നിർമ്മാണം | NABARD RIDF 499.00 |
| 3 | ആലപ്പുഴ ജില്ലയിലെ കാവാലം പഞ്ചായത്തിലെ മണിയങ്കരി പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസനം - 600 മീറ്റർ പുറം ബണ്ട് നിർമ്മാണം | NABARD RIDF 131.14 |
| 4 | ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് പഞ്ചായത്തിലെ പുത്തൻപുര കായൽ വടക്കേകാരി മടത്താനിക്കരി പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസനം - 2827 മീറ്റർ പുറം ബണ്ട് നിർമ്മാണം | NABARD RIDF 379.50 |
| 5 | ആലപ്പുഴ ജില്ലയിലെ വീയപുരം പഞ്ചായത്തിലെ കരിമ്പടം പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസനം - 1700 മീറ്റർ പുറം ബണ്ട് നിർമ്മാണം | NABARD RIDF 42.2 |
| 6 | ആലപ്പുഴ ജില്ലയിലെ നീലംപേരൂർ കൃഷിഭവനിലെ നടുവത്തു പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസനം | NABARD RIDF 28.71 |
| 7 | ആലപ്പുഴ ജില്ലയിലെ ബുധനൂർ പഞ്ചായത്തിലെ പുതുശേരി വടപുരം പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസനം - 1400 മീറ്റർ പുറം ബണ്ട് നിർമ്മാണം | NABARD RIDF 21.44 |
| 8 | ആലപ്പുഴ ജില്ലയിലെ തലവടി പഞ്ചായത്തിലെ മകരച്ചാൽ പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസനം - 1400 മീറ്റർ പുറം ബണ്ട് നിർമ്മാണം (അരികു സംരക്ഷണം) | NABARD RIDF 146.00 |
| 9 | ആലപ്പുഴ ജില്ലയിലെ കൈനകരി പഞ്ചായത്തിലെ ഉമ്പുക്കാട്ടുശേരി പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസനം - 2540 മീറ്റർ പുറം ബണ്ട് നിർമ്മാണം (അരികു സംരക്ഷണം) | NABARD RIDF 233.00 |
| 10 | ആലപ്പുഴ ജില്ലയിലെ മാന്നാർ പഞ്ചായത്തിലെ മുക്കം വാലിയിൽ ബണ്ട് അടിസ്ഥാന സൗകര്യ വികസനം - 5500 മീറ്റർ പുറം ബണ്ട് നിർമ്മാണം | NABARD RIDF 571.00 |
| 11 | ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ തെക്കു പഞ്ചായത്തിലെ വലിയ തുരുത്തു ചെറിയ തുരുത്തു പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസനം - 1400 മീറ്റർ പുറം ബണ്ട് നിർമ്മാണം | NABARD RIDF 300.00 |
| 12 | ആലപ്പുഴ ജില്ലയിലെ തകഴി പഞ്ചായത്തിലെ തെക്കേ മുന്നൂറ് പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസനം - 2700 മീറ്റർ പുറം ബണ്ട് നിർമ്മാണം | NABARD RIDF 258.00 |
| 13 | ആലപ്പുഴ ജില്ലയിലെ കാവാലം കൃഷിഭവനിലെ രാജരാമപുരം കായൽ പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസനം - 11000 മീറ്റർ പുറം ബണ്ട് നിർമ്മാണം (അരികു സംരക്ഷണം) | NABARD RIDF 1000.00 |
| 14 | ആലപ്പുഴ ജില്ലയിലെ ചെന്നിത്തല കൃഷിഭവനിലെ ഏഴാം ബ്ലോക്ക് പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസനം - 870 മീറ്റർ പുറം ബണ്ട് നിർമ്മാണം | NABARD RIDF 74.10 |